പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2229 — 08.03.2017-ൽ മറുപടിയ്ക്ക്

സഹകരണസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മോറട്ടോറിയം

	ചോദ്യം		മറുപടി
	ശ്രീ. ചിറ്റയം ഗോപകുമാർ ശ്രീ. ജി.എസ്.ജയലാൽ ശ്രീ. വി.ആർ. സുനിൽ കുമാർ ശ്രീ. മുഹമ്മദ് മുഹസിൻ പി.		ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)
(എ)	സംസ്ഥാനത്ത് നോട്ട് നിരോധനം മൂലം ഉളവായ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, സഹകരണസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മോറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ;	(എ)	മോറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിഭാഗം സഹകരണ ബാങ്കുകളും/സംഘങ്ങളും വഴി വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിന്മേൽ സ്വീകരിച്ചിട്ടുള്ള റവന്യൂറിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തി നടപടികൾ 31.03.2017 വരെ നിർത്തിവയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്.
(ബി)	ഏത് തീയതിവരെയാണ് മോറട്ടോറിയം ഏർപ്പെടുത്തിയതെന്ന് അറിയിക്കുമോ;	(ബി)	31.03.2017 വരെയാണ് മോറട്ടോറിയം ഏർപ്പെടുത്തിയിട്ടുള്ളത്.
(സി)	മോറട്ടോറിയത്തിന്റെ മറ്റ് വിശദാംശങ്ങൾ അറിയിക്കുമോ?	(സി)	ഉയർന്ന മൂല്യമുള്ള നോട്ട് കേന്ദ്രസർക്കാർ അസാധുവാക്കിയത് മുഖേന സഹകരണ ബാങ്കിംഗ് മേഖലയിലുണ്ടായ പ്രായോഗിക തടസ്സം സാധാരണ ജനങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വിഭാഗം സഹകരണ സംഘങ്ങളും/ ബാങ്കുകളും വഴി വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിന്മേൽ സ്വീകരിച്ചിട്ടുള്ള റവന്യൂറിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തി നടപടികൾ 31.03.2017 വരെ നിർത്തിവയ്ക്കുന്നതിന് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ